പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5964

04.11.2016 -ൽ മറുപടിയ്ക്ക്

## സ്വയംഭരണ കോളേജുകളോടുള്ള സർക്കാർ നിലപാട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി. രാജേഷ്<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ. പി.കെ.ശശി | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വയംഭരണ കോളേജുകളോടുള്ള സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; ടി കോളേജുകൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ആഘാതം സൃഷ്ടിക്കുമെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; | (എ) സംസ്ഥാന തലത്തിൽ സ്വയംഭരണത്തിനായുള്ള കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് യു.ജി.സിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ സ്വയംഭരണ അംഗീകാര സമിതി എന്ന പേരിൽ ഒരു വിദഗ്ധ സമിതി നിലവിലുണ്ട്. കൂടാതെ, സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ ആക്ടിൽ ഉൾപ്പെടുത്തി സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പാസ്സാക്കിയിട്ടുണ്ട്. എയ്ഡഡ് കോളേജുകളെ സ്വയംഭരണ കോളേജാക്കുക എന്നത് ഈ സർക്കാരിന്റെ നയമല്ല. |
| (ബി) മുൻ സർക്കാർ പൊതുജനങ്ങളുടെയും ഗുണഭോക്താക്കളുടെയും എതിർപ്പ് അവഗണിച്ചുകൊണ്ട് അനുമതി നൽകിയ സ്വകാര്യ സ്വയംഭരണ കോളേജുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) സർക്കാർ-എയ്ഡഡ് കോളേജുകൾക്കാണ് ആദ്യഘട്ടത്തിൽ സ്വയംഭരണാവകാശം നൽകിയിട്ടുള്ളത്. സ്വകാര്യകോളേജുകൾക്ക് നാളിതുവരെ സ്വയംഭരണാവകാശം നൽകിയിട്ടില്ല. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എവിടെയെങ്കിലും സ്വകാര്യ സ്വയംഭരണ കോളേജുകൾ ആരംഭിച്ചിട്ടുണ്ടോ ഇത് സംബന്ധിച്ച് നയം വ്യക്തമാക്കാമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ